LIBRARY ARCHIVES Kerala Legislative Assembly

കൊടുവള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി

148 [1675] ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എത്തുന്ന രോഗികളുടെ ചികിത്സയ്ക്ക് ആവശ്യത്തിന് ഡോക്ടർമാരില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കാൻ കൂടുതൽ ഡോക്ടർമാരെ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ ആവശ്യത്തിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആന്റ് (സി) കൊടുവള്ളി പ്രാഥമികാരോഗ്യകേന്ദ്രം സാമൂഹ്യാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. എന്നാൽ പുതിയ തസ്തികകൾ അനുവദിക്കാൻ സ്റ്റാഫ് പാറ്റേൺ പുതുക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികളിൽ തീരുമാനമുണ്ടാകുന്നതാണ്.

ഉള്ള്യേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഔട്ട് പേഷ്യന്റ്-ഇൻപേഷ്യന്റ് സൗകര്യങ്ങൾ

149 [1676] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഏതെല്ലാം തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്;

(ബി) ഇതിൽ ഏതെല്ലാം തസ്തികകൾ ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്നു എന്ന് വെളിപ്പെടുത്താമോ;

(സി) 2003, 2004 വർഷങ്ങളിൽ ആകെ എത്ര പേരെ ഔട്ട് പേഷ്യന്റായി ചികിത്സിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എത്രപേരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ട്;

(ഇ) 2004-2005 സാമ്പത്തിക വർഷത്തിൽ എത്രപേരെ കിടത്തി ചികിത്സിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?